# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 837**

**03/12/2014-ൽ മറുപടിക്ക്**

**കേന്ദ്ര സർക്കാരിന്റെ മരുന്ന വില നിയന്ത്രണം നീക്കം ചെയ്ത നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ.കെ.ടി. ജലീൽ** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) കേന്ദ്ര സർക്കാരിന്റെ മരുന്ന വില നിയന്ത്രണം നീക്കം ചെയ്ത നടപടി കുത്തക മരുന്ന കമ്പനികൾ രോഗികളെ കൊള്ളയടിക്കുന്നതിന് വഴിയൊരുക്കുമെ ന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും, ആരോഗ്യ വകുപ്പ് മന്ത്രിയും പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം നൽകിയിരുന്നു. മരുന്ന വില വർദ്ധിപ്പിക്കുന്നതരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നതല്ലെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകിയിരുന്നു. |
| ബി) എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ രോഗികളെ സഹായിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | | |
| സി) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹ രോഗികളും പ്രതിവർഷം അരലക്ഷം ക്യാൻസർ രോഗികളുമുള്ള സംസ്ഥാന ത്തിന് ഒരു പ്രത്യേക ആരോഗ്യ പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വിശദമാക്കുമോ? | സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ